കേരള സർക്കാർ

# ഐക്കരനാട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി1)1501/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി : 18.9.2017

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഐക്കരനാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഐക്കരനാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

. ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.1) 1501/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :18.09.2017

## എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.10.2016 മുതൽ 30.6.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.7.2017മുതൽ 21.7.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ |
| | വിനീത്. ആർ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജോമോൾ എം. ജോണി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | അനീഷ് .ആർ., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ. രാജു | 1.4.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | വാസുദേവ ശർമ്മ | 01.04.2016മുതൽ 18.11.2016വരെ |
| | ഷീല ഇ.എസ്. (അധിക ചുമതല) | 18.11.2016 മുതൽ 21.11.2016വരെ |
| | പി.എം.അബ്ദുൾ സമദ് | 22.11.2016 മുതൽ 31.03.2017വരെ |

നിർവ്വഹണോദ്യോഗസ്ഥൻ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ടി. എം. ദിനേശ് | 1.4.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഷീല ഇ.എസ്. | 1.4.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ജയ മരിയ ജോസഫ് | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. സിമല്യ പി.ജോർജ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ജിബി വർഗീസ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സൂസൻ മത്തായി | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. രാജലക്ഷ്മി | 1.4.2016മുതൽ 31.3.2017 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ. കടയിരുപ്പ് | രാജേഷ് കെ. നായർ | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ, കോലഞ്ചേരി | ശിവൻ കെ.കെ | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ് മിസ്ട്രസ്സ് എൽ.പി.എസ്, പാങ്കോട് | എൻ.എം. കുസുമം | 1.4.2016 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | റഫീന ബീവി | 1.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | രാധാമണി.എൻ.കെ | 1.4.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പദ്ധതി | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വസ്തുനികുതി – വൻ തുക കുടിശ്ശിക | 2-1 |
| 13 | ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-2 |
| 14 | മോബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല-പഞ്ചായത്തിന് വരുമാന നഷ്ടം | 2-3 |
| 15 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല | 2-4 |
| 16 | അനധികൃത നിർമ്മാണം – പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല | 2-5 |
| 17 | എൻ.ആർ.ഇ.ജി.എസ് അക്കൗണ്ട് - ചെക്ക് ബുക്ക് ചാർജ്ജ് | 2-6 |
| 18 | ഇ-ടെണ്ടർ -ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന ലഭിക്കുന്നില്ല | 2-7 |
| 19 | വാർഷിക ധനകാര്യ പത്രികകളിൽ ന്യൂനതകൾ | 2-8 |
| | ഭാഗം 3 | |
| 20 | തെരുവ് വിളക്കുകളുടെ പരിപാലനം | 3-1 |
| 21 | മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-2 |
| 22 | വാഴയ്ക്കും ഇടവിള കൃഷിക്കും പ്രോത്സാഹനം – സബ്സിഡി രണ്ടു പ്രാവശ്യം നൽകി | 3-3 |
| 23 | കാലി ബാരലിന്റെ വില കുറവുചെയ്തിട്ടില്ല. | 3-4 |
| 24 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി - മാർഗ്ഗ രേഖകൾക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചു | 3-5 |

| | | |
|---|---|---|
| 25 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-6 |
| 26 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-7 |
| 27 | പ്രവൃത്തി പൂർത്തീകരണം - കാലതാമസത്തിന് പിഴ ഈടാക്കിയില്ല. | 3-8 |
| | ഭാഗം-4 | |
| 28 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 31 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 38 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 39 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 40 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 03.03.2016 ലെ തീരുമാനം നം. I |

.

| | ബജറ്റ് പ്രകാരം | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| വരവ് | 8,28,57,000 | 4,86,14,399 |
| ചെലവ് | 10,70,20,000 | 3,63,96,191 |

EFMS മുഖേന MNREGS, B -ഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 8913168/- രൂപയുടെയും 1,88,06,685/- രൂപയുടെയും വരവു ചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവ ഉൾപ്പെടയുള്ള കണക്കുനോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവു ചിലവുകളും തമ്മിൽ കാര്യമായ വ്യത്യാസമുണ്ട് ആയതിനാൽ ബജറ്റ് യഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 3.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യ പത്രികയിൽ ന്യൂനതകൾ ഉണ്ട്. വിശദാംശം ഖണ്ഡിക 2-8 ൽ ചേർക്കുന്നു.
ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1- ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,70,91,387.25 |
| വരവ് | 4,86,14,399.00 |
| ആകെ | 6,57,05,786.25 |
| ചെലവ് | 3,63,96,191.00 |
| നീക്കിബാക്കി | 2,93,09,595.25 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 4808548 | 4808548 | 4808548 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3403619 | 3403619 | 3403619 | |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4741939 | 4741939 | 4741939 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 837337 | 837337 | 837337 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3156062 | 3156062 | 3156062 | 0 |
| NREGS | 12962 | 8913168 | 8926130 | 8913168 | 12962 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 189 | 88 | 82 | 19 | 47% |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം 2015-16 | തൻവർഷം 2016-17 | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 12016482 | 17105173 | 5088691 | (+)42.34% |
| നികുതിയേതര വരവുകൾ | 1759352 | 2334516 | 575164 | (+)32.69% |

| | | | | |
|---|---|---|---|---|
| മറ്റ് വരവുകൾ | 663704 | 1474777 | 811073 | (+)122.20% |
| ആകെ | 14439538 | 20914466 | 6474928 | (+) 44.84% |

# 1-8 സാമൂഹ്യക്ഷേമ പദ്ധതി

| ക്രമ നം. | പദ്ധതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 3396740 | 1801 |
| 2 | തൊഴിൽ രഹിത വേതനം | 54240 | 31 |
| 3 | വിധവാ പെൻഷൻ | 6405770 | 2939 |
| 4 | വികലാംഗ പെൻഷൻ | 1391215 | 682 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 379600 | 184 |
| 6 | വാർദ്ധക്യകാല പെൻഷൻ | 7233360 | 2849 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.7.2017ന് സ്ഥാപനത്തിലെ അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 42133/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ്

ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അപേക്ഷകളിന്മേൽ യഥാസമയം തീർപ്പുകൽപ്പിക്കുന്നുണ്ട്. സേവനം ആവശ്യപ്പെട്ടുവരുന്നവർക്ക് അത്യാവശ്യ സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ ലഭ്യമാകുന്നുണ്ട്.

ഡി.ആന്റ്.ഒ.ലൈസൻസ്.

പഞ്ചായത്തിൽ ഡി.ആന്റ്.ഒ. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ പല അപേക്ഷകളിലും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നില്ല. അപൂർണ്ണമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കുന്നത് ശരിയായ നടപടിയല്ല. സത്യവാങ്മൂലം സമർപ്പിക്കാത്ത അപേക്ഷകളിൻമേലും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അപേക്ഷകളിൻമേൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ബിൽ രജിസ്റ്റർ

ബിൽ രജിസ്റ്ററിൽ ചെക്ക് നമ്പറുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പെർമിറ്റ് രജിസ്റ്റർ

പെർമിറ്റ് രജിസ്റ്ററിൽ, ചില കെട്ടിടങ്ങളുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ: കംപ്യൂട്ടറുകളുടെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതര മായ ഓഡിറ്റ് പരാമർ ശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 29.11.2016 | 11/2016 | 7.1.2017 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 13.7.2016 | 2011-12 മുതൽ 2015-16 വരെ | 6.9.2016 | ഇല്ല |

# ഭാഗം-2

## വരവ്യ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി-വൻ തുക കുടിശ്ശിക

പഞ്ചായത്തിൽ കെട്ടിടനികുതിയിനത്തിൽ വൻതുക കുടിശ്ശികയുള്ളതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വസ്തുനികുതി-താമസാവശ്യത്തിനുള്ളവ(തൻവർഷം) | 875886 |
| വസ്തുനികുതി-താമസാവശ്യത്തിനുള്ളവ (കുടിശ്ശിക) | 930628 |
| വസ്തുനികുതി-താമസേതരാവശ്യത്തിനുള്ളവ(തൻവർഷം) | 3736089 |
| വസ്തുനികുതി-താമസേതരാവശ്യത്തിനുള്ളവ (കുടിശ്ശിക) | 5409582 |

2013-14- വർഷം വസ്തുനികുതി പുതുക്കി നിർണ്ണയിച്ചതിനുശേഷം സിനിമാ/തിയേറ്റ് പോലുള്ള സ്ഥാപനങ്ങളുടെ വസ്തുനികുതിയിൽ വലിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ വൻ തുക കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| കെട്ടിടനം. | തറവിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി | പുതുക്കി നിർണ്ണയിക്കുന്നതിന് മുൻപുള്ള വസ്തുനികുതി |
|---|---|---|---|
| 10/505 | 1184.9 ച.മീ. | 68429 | 324 |

മേൽ തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14)മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെയും ഭരണവകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

## 2-2 ഡി ആൻഡ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

ഐക്കരനാട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ഡി ആൻഡ് ഒ ലൈസൻസ് അനുവദിച്ചപ്പോൾ ലൈസൻസ് ഫീസ് ഈടാക്കിയത് കേരള പഞ്ചായത്ത് രാജ് ഡി ആൻഡ് ഒ ലൈസൻസ് ചട്ടങ്ങളിലെ, ചട്ടം 7ലെ, പട്ടിക II പ്രകാരം നിശ്ചയിച്ചിരിക്കുന്ന ഫീസിലും താഴ്ന്ന നിരക്കിലാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം/ ഉടമസ്ഥൻ/ ലൈസൻസ് നം | ദിവസേനയുള്ള ശരാശരി വിറ്റുവരവ് അപേക്ഷയിൽ രേഖപ്പെടുത്തിയത് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് /രസീത് നമ്പർ | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഫൈൻ ബാൻഡ്സ് കെ.എ അബ്ദുൾ കരീം 10/16-17 | 100000 | 2000 | 200 1150110342 30/03/16 | 1800 |
| 2 | മെറ്റൽ ലാൻഡ് ഇൻഡസ്ട്രീസ്, കെ.പി എൽദോ, 14/16-17 | 100000 | 2000 | 1500 11601100009 01/04/16 | 500 |
| 3 | ബ്രൈറ്റ് ഇൻഡേൻ സർവീസ്, സൗമ്യൻ പുളിമൂട്ടിൻ, 134/16-17 | 50000 | 1000 | 200 11601103573 27/04/16 | 800 |
| 4 | ജി ആൻഡ് ജെ അഗ്രോ സ്പൈസസ്, ജെന്നി വർഗീസ്, 103/16-17 | 30000 | 1000 | 400 11601102681 17/02/16 | 600 |
| 5 | ഗ്രീൻവാലി ബിവറേജസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, ജേക്കബ് റ്റി. എബ്രഹാം, 206/16-17 | 249478 | 4000 | 2000 11601107384 17/12/16 | 2000 |
| 6 | ഡെൻസ് പെട്രോളിയം, പ്രദീപ് കെ, 205/16-17 | 80000 | 2000 | 1000 11601107384 17/12/16 | 1000 |
| | ആകെ | | | | 6700 |

മേൽ സൂചിപ്പിച്ച പ്രകാരം, ഡി & ഒ ഫീസിനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന് 6700/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഡി ആൻഡ് ഒ ലൈസൻസ് ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല-പഞ്ചായത്തിന് വരുമാന നഷ്ടം

2016-17 വർഷത്തെ മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയം/ഡിമാന്റ്/പിരിവ് സംബന്ധിച്ച് ഫയലുകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ഈയിനത്തിൽ പഞ്ചായത്തിന് വരുമാനമൊന്നും ലഭിച്ചിട്ടില്ല. പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന പത്ത് ടവറുകളിൽ രണ്ടു ടവറുകളുടെ വിസ്തീർണ്ണം (റിലയൻസ് ഇൻഫ്രാടെൽ , ബി.എസ്.എൻ.എൽ.) എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12) മറുപടി ലഭ്യമാക്കിയില്ല. പ്രധാന നികുതി സ്രോതസ്സുകളിൽ ഒന്നായ മൊബൈൽ ടവറുകളുടെ കെട്ടിട നികുതി സംബന്ധിച്ച് പഞ്ചായത്തിന് വ്യക്തത ഇല്ലാത്തതും, നികുതി പിരിക്കാത്തതും ഓഡിറ്റ് ഗൗരവമായി കാണുന്നു. നികുതി പിരിക്കാത്തതിനാൽ 2016-17 വർഷം ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ പേര്/കെട്ടിട നം./നം.നൽകിയ വർഷം | ആകെ വിസ്തീർണ്ണം. | 30-11-2011 തീയ്യതിയിലെ 31-ാം നം. തീരുമാന പ്രകാരം അടയ്ക്കേണ്ട നികുതി. (ച.മീ.450/-) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വോഡാ ഫോൺ എസ്സാർ ലി.1/517-2010-11 | 10 എം$^2$ | 4500 |
| 2 | ഭാരതി എയർടെൽ.4/52-2008-09 | 15 | 6750 |
| 3 | ഭാരതി ഇൻഫ്രാടെൽ 7/187-2008-09 | 15 | 6750 |
| 4 | ഇൻഡസ് ടവർ7/668-2010-11 | 15 | 6750 |
| 5 | ഇൻഡസ് ടവേഴ്സ് ലി.8/8-2010-11 | 15 | 6750 |
| 6 | സർക്കിൾ ഓഫീസ് ടവർ വിഷൻ ഇന്ത്യ ലി.8/10-2014-15 | 43.56 | 19602 |
| 7 | റിലയൻസ് ഇൻഫോകോം ലി.10/379-2009-10 | 12 | 5400 |
| 8 | ഐഡിയ സെല്ലുലാർ ലി.14/417-(നിർണ്ണയ വിവരം ഇല്ല) | 14 | 6300 |
| | ആകെ (8 ടവറുകളുടെ നികുതി) | | 62802/- |

കെട്ടിട നികുതിയിനത്തിൽ 2016-17 വർഷത്തെ നഷ്ട തുകയായ 62802/- രൂപ കുടിശ്ശിക സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും നികുതി നിർണ്ണയ നടപടികൾ സ്വീകരിക്കാതെ മേൽ സൂചിപ്പിച്ച 2 ടവറുകൾ നിലനിർത്തിയിട്ടുള്ളത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ടി ടവറുകളുടെ നികുതി എത്രയും വേഗം നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 <u>സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല</u>

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

1.സിന്തൈറ്റ്
2.അരോമാറ്റിക് ഇൻഗ്രേഡിയന്റ്സ് ലിമിറ്റഡ്
3.പ്ലാന്റ് ലിപിഡ്സ് ലിമിറ്റഡ്
4.ഹെർബൽ ഐസൊലേറ്റസ് (പ്രൈ)ലിമിറ്റഡ്
5.സ്പൈസ് മിൽ
6.ഗ്രീൻവാലി ഐസൊലേറ്റ്സ് (പ്രൈ)ലിമിറ്റഡ്
7.വടവുകോട് ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
8. ഐക്കരനാട് സർവ്വീസ് സഹകരണ ബാങ്ക്
9. സൈമേഗ ഫ്ലേവേഴ്സ് ഇൻഡ്യ (പ്രൈ) ലിമിറ്റഡ്
10. സൈമേഗ സേവറി ടെക്നോളജി ലിമിറ്റഡ്

മേൽസൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6) മറുപടി ഹാജരാക്കിയില്ല. മേൽസ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 <u>അനധികൃതനിർമ്മാണം-പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ ഗുരുകുലം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കടയിരുപ്പ് എന്ന വിദ്യാഭ്യാസസ്ഥാപനത്തിന്റെ അനധികൃതകെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്ത് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം.18) നൽകിയിരുന്നു. 52394.03 .ച.മീ. വിസ്തീർണ്ണം വരുന്നസ്ഥലത്തെ പ്രസ്തുത കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ട് സ്ഥാപനം നൽകിയ അപേക്ഷയും അനുബന്ധരേഖകളും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം നിലം ആയതുകൊണ്ട് നാളിതു വരെ പ്രസ്തുത കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്തിട്ടില്ല.എന്നാൽ അനധികൃതകെട്ടിടനിർമ്മാണം നടത്തിയ സ്ഥാപനത്തിനെതിരെ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.ആയത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ അനാസ്ഥയാണ്.

## 2-6 എൻ.ആർ.ഇ.ജി.എസ്സ് അക്കൗണ്ട് - ചെക്ക് ബുക്ക് ചാർജ്ജ്

എം.എൻ.ആർ.ഇ.ജി.എസ്സ് അക്കൗണ്ട് പരിശോധിച്ചതിൽ 12375 രൂപ 2015-16, 2016-17 വർഷങ്ങളിൽ 'Wrong entry by bank' എന്ന് രേഖപ്പെടുത്തി വാർഷിക കണക്ക് റിക്കൺസിലേഷൻ നടത്തിയിരിക്കുന്നതായി കാണുന്നു. ഇപ്രകാരം ചെയ്തിരിക്കുന്നത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 2, തി.17/7 /2017) നല്കിയതിന് സെക്രട്ടറി നല്കിയ മറുപടി താഴെപ്പറയും പ്രകാരമാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ തുടങ്ങിയ അക്കൗണ്ടിന് (നമ്പർ:338502010070523) ഒരു ചെക്ക് ബുക്ക് ആവശ്യപ്പെട്ടതിനുള്ള ചാർജ്ജ് ആയി 125/- രൂപ അക്കൗണ്ടിൽ നിന്നും എടുക്കുന്നതിന് പകരം 12500/- രൂപ അക്കൗണ്ടിൽ നിന്നും 13/2/2012 ൽ ബാങ്ക് ഡെബിറ്റ് ചെയ്തു. 12500/- രൂപയിൽ നിന്നും 125/- രൂപ കുറവുചെയ്തതിനുശേഷം 12375/- രൂപ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുവാൻ ആവശ്യപ്പെട്ട് ബാങ്കിന് പല തവണ കത്ത് നല്കിയെങ്കിലും നാളിതുവരെ പ്രസ്തുത തുക ക്രെഡിറ്റ് ചെയ്തിട്ടില്ല. 12375/- രൂപയ്ക്കുള്ള 99 ചെക്ക് ബുക്കുകൾ ബാങ്കിൽ വന്നിട്ടുണ്ടെന്നും ആയത് പഞ്ചായത്തിന് കൈപ്പറ്റാവുന്നതാണെന്നുമാണ് ബാങ്ക് പഞ്ചായത്തിനെ അറിയിച്ചിരിക്കുന്നത്.

ഇ.എഫ്.എം.എസ്സ് മുഖേനയാണ് കൂടുതൽ ഇടപാടുകളും നടക്കുന്നതെന്നതിനാൽ അത്രയും ചെക്ക്ബുക്കുകൾ വാങ്ങിവെയ്ക്കേണ്ട ആവശ്യകത പഞ്ചായത്തിനുമില്ല. ആവശ്യമില്ലാത്ത ചെക്ക് ബുക്കുകൾക്ക് തുക നല്കേണ്ട ബാദ്ധ്യത പഞ്ചായത്തിനില്ല. ആയതിനാൽ ബാങ്കിൽ നിന്നു തുക തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല

2015-16, 2016-17 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ നടപടികളിലൂടെ ചെയ്ത മരാമത്ത് പ്രവൃത്തികളിൽ, ടെണ്ടർ ഫീ ഇനങ്ങളിൽ എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (എൽ.എസ്സ്.ജി.ഡി) പേരിലുള്ള അക്കൗണ്ടിലേയ്ക്ക് അടവായിരിക്കുന്ന തുകകളുടെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു. ഇതിൽ യാതൊരു തുകയും പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ലാത്തതാണ്. തുക തിരികെ ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

.

2015-16

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര് | ടെണ്ടർ ഫീ |
|---|---|---|
| 1 | കന്നിക്കരക്കുടി കോളനി റോഡ് മെറ്റലിംഗ് ടാറിംഗ് | 1050 |
| 2 | നമ്പ്യാരുപടി കറുകപ്പള്ളി റോഡ് റീടാറിംഗ് | 1260 |
| 3 | എൻ എച്ച് 49 കടമറ്റം ചാത്തനാട്ടുകുഴ് റോഡ് മെറ്റലിംഗ് ടാറിംഗ് | 1470 |
| 4 | പാറേപീടിക തൊണ്ടിപീടിക റോഡ് റീടാറിംഗ് | 1260 |
| 5 | കുരാച്ചി പാറേപീടിക റോഡ് റീടാറിംഗ് | 1050 |

| | | |
|---|---|---|
| 6 | ഭജനമഠം മാരിക്കുടിത്താഴം റോഡ് മെറ്റലിംഗ് ടാറിംഗ് | 1050 |
| 7 | അങ്കണവാടി കെട്ടിടനിർമ്മാണം 101,141 | 2625 |
| 8 | പട്ടികജാതി കോളനി നടപ്പാത കോൺക്രീറ്റിംഗ് | 1680 |
| 9 | അങ്കണവാടി മെയിന്റനൻസ് | 3095 |
| 10 | സാംസ്കാരിക നിലയവും ഗ്രാമകേന്ദ്രവും നിർമ്മാണം | 5250 |
| 11 | കുഞ്ചുത്തുതാഴം റോഡ് മെറ്റലിംഗ് ടാറിംഗ് | 1050 |
| 12 | പഞ്ചായത്ത് കിണർമണപ്പാട്ടുപാടം റോഡ് മെറ്റലിംഗ് ടാറിംഗ് | 1260 |
| | ആകെ | 22100 |

2016-17

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ടെണ്ടർ ഫീ |
|---|---|---|
| 1 | പഴഞ്ഞോട്ടം - പള്ളിക്കവല പാറപ്പുറം റോഡ് റീടാറിംഗ് | 1155 |
| 2 | ആശ്രമം കവല ജി.ആർ.കെ കമ്പനി റോഡ് റീടാറിംഗ് | 2438 |
| 3 | അങ്കണൻവാടി മെയിന്റനൻസ് | 2332 |
| 4 | തൊണ്ടിപീടിക പുതുപ്പനം ഗ്യാസ് പമ്പ് റോഡ് മെറ്റലിംഗ് ടാറിംഗ് | 1166 |
| 5 | 93, 95നമ്പർഅങ്കണവാടികളിൽ സ്റ്റെയർകേസ് നിർമ്മാണം | 1060 |
| 6 | മാങ്ങാട്ടൂർ മാളിക്കത്താഴം റോഡ് മെറ്റലിംഗ് ടാറിംഗ് | 1166 |
| 7 | വലമ്പൂർ കനാൽ റോഡ് മെറ്റലിംഗ് ടാറിംഗ് | 2968 |
| 8 | പാങ്കോട് വനിതാക്ഷേമ കേന്ദ്രം പൂർത്തീകരണം | 2120 |
| | ആകെ | 14405 |

## 2-8 വർഷിക ധനകാര്യ പത്രികകളിൽ ന്യൂനതകൾ

1. ഡെപ്പോസിറ്റ് വർക്കിനായി KSEB യ്ക്ക് നല്കി 21347/- രൂപ വിനിയോഗം ചെയ്തിട്ടില്ലെങ്കിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.
2. മൊബിലൈസേഷൻ അഡ്വാൻസായി AE നല്കിയ തുക 62500/- രൂ. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. NREGS -ൽ EFMS വഴി മാറിയ തുക മാത്രമാണ് income & expenditure statement ൽ ഉൾപ്പെട്ടിട്ടുള്ളത്. മറ്റ് വരവ് ചെലവുകൾ ഉൾപ്പെട്ടിട്ടില്ല. ഈ അപാകതകൾ പരിഹരിക്കപ്പെടേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടെ പരിപാലനം - ഗുരുതരമായ ക്രമക്കേടുകൾ

| | |
|---|---|
| പ്രൊജക്ട് നം. | SO 114/16 |
| അടങ്കൽ തുക | 700000/- (തനത്ഫണ്ട്) |
| ആകം ചെലവഴിച്ച തുക | 700000/- (നികുതി ഉൾപ്പെടെ) |
| ചെക്ക് നം/ തീയതി | 2306812/31.3.17 |
| തുക | 6,58,000 |
| നിർവ്വഹണം | സെക്രട്ടറി |

2016-17 വർഷം തെരുവ് വിളക്കുകളുടെ പരിപാലനം എന്ന പ്രോജക്ടിന്റെ AMC യ്ക്കായി ടെൻഡർ ക്ഷണിച്ചതിന് 3 ടെൻഡറുകൾ ലഭിച്ചതിൽ ശ്രീ.ബിജു റ്റി ബേബിയുടെ ടെൻഡറാണ് സ്വീകരിച്ചത്. ഏറ്റവും കുറവായി തുക ടെൻഡർ

ചെയ്ത ശ്രീ.ശ്രീനിവാസന്റെ ടെൻഡർ സ്വീകരിക്കാതിരുന്നതിനു കാരണമായി ചേർത്തിട്ടുള്ളത് ടിയാൻ ഒറ്റത്തവണ മാത്രമേ അറ്റകുറ്റപ്പണികൾ നടത്തുകയുള്ളൂ എന്ന് അറിയിച്ചതിനാലാണ്. (18.3.2017 ൽ ഏ 3-1910 ാം നംപർ മറുപടി) ഇത് അംഗീകരിക്കാവുന്നതല്ല. കാരണം വാർഷിക അറ്റകകുറ്റപ്പണിയ്ക്കാണ് ടെൻഡർ ക്ഷണിച്ചത്.

കൂടാതെ ഈ പ്രോജക്ട് നടപ്പാക്കിയതിൽ താഴെപ്പറയും പ്രകാരം അപാകതകൾ കാണുന്നുണ്ട്.

1) 1,45,637/- രൂ. അധികം നല്കി

. പഞ്ചായത്ത്, തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് അടവാക്കുന്ന താരിഫ് റിവിഷൻ പ്രകാരം 196 CFL സെറ്റുകളാണ് ഉള്ളത്. എന്നാൽ 1351 CFL സെറ്റുകൾ റിപ്പയർ ചെയ്തതായാണ് പ്രോജക്ടിൽ പ്രതിപാദിച്ചിട്ടുള്ളത്. തെരുവ് വിളക്കുകളുടെ AMC യ്ക്കാണ് പ്രോജക്റ്റ് എന്നതിനാൽ എഗ്രിമെന്റ് കാലയളവിൽ (29.2.2016-28.2.2017) ഒരു ലാംപ് എത്രതവണ റിപ്പയർ ചെയ്താലും അധിക തുക നൽകാൻ പാടില്ലാത്തതാണ്. (പലതവണ റിപ്പയർ ചെയ്യുമ്പോൾ തുക അധികം അനുവദിക്കാമായിരുന്നെങ്കിൽ ശ്രീ.ശ്രീനിവാസന്റെ ടെൻഡർ ഒഴിവാക്കിയതിനു ന്യായീകരണമില്ല.). താരിഫ് റിവിഷൻ രേഖ പ്രകാരംതെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിനായി ആകെ 721 വിവിധ ഇനത്തിലുള്ള ലാംബുകളാണ് ഉള്ളത്. സ്വീകരിച്ച ടെൻഡർ പ്രകാരം പരമാവധി നല്കാവുന്ന തുക താഴെപ്പറയുന്നു.

| ഇനം | എണ്ണം | ടെൻഡർ തുക | ആകെ നല്കാവുന്ന തുക |
|---|---|---|---|
| Ordinary bulb | 273 | 525 | 143325- |
| Tube Single | 45 | 550 | 24750- |
| Tube Double | 146 | 750 | 109500- |
| CFL | 196 | 540 | 105840- |
| SV Lamp | 61 | 2650 | 161650- |
| ആകെ | | | 5,45,065- |

നല്കിയ തുക 6,58,000/-

അനുവദിക്കാവുന്ന തുക 5,45,065/-

കുറയ്ക്കുക 1)vat 4% :21,802/-

2)KCWWF 1% : 5450/-

3)IT 1% :5450-

നല്കാവുന്ന തുക : 512363/-

അധികം നല്കിയ തുക : 1,45,637/-

ഈ ചെലവ് ഓഡിറ്റിൽ അഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്. ( ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല.)

2) വിവിധ ഇനം വിളക്കുകളുടെ യഥാർത്ഥ വിലയിലും അനേകം മടങ്ങ് ഉയർന്ന തുക AMC ആയി നല്കി.

ഉദാഹരണമായി താരിഫ് റിവിഷൻ രേഖ പ്രകാരം തെരുവു വിളക്കുകളിൽ 273 എണ്ണം Ordinary bulb കൾ ആണ്. ഒരു സാധാരണ ബൾബിന്റെ വില ഏകദേശം 10/- രൂപയാണ്. എന്നാൽ ഇത്തരം ബൾബുകളുടെ മെയിന്റനൻസിനായി 525/- രൂപയാണ് അനുവദിച്ചത്. ഇത്തരം യുക്തിക്ക് നിരക്കാത്തതും അതിഭീമവുമായ നിരക്ക് രേഖപ്പെടുത്തലുകൾ പുന:പരിശോധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയിടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3) AMC യിൽ ഉൾപ്പെട്ട ഇനം തൻവർഷം വീണ്ടും സ്ഥാപിച്ചു.

AMC യിൽ ഉൾപ്പെട്ട ഇനമായ CFL ലാംപുകൾ വീണ്ടും സ്ഥാപിച്ചു. (project No. 185/2016-17). ഇപ്രകാരം വീണ്ടും പ്രൊജക്ട് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. (വിശദാംശം ഖണ്ഡിക 3-7 ൽ ചേർത്തിട്ടുണ്ട്)

മേൽപ്പറഞ്ഞ അപാകതകളുടെ വെളിച്ചത്തിൽ ഈയിനത്തിൽ ചെലഴിച്ച കരാറുകാരന് നല്കിയ 658000 രൂപയിൽ ടി ഒന്നാമത്തെ പരാമർശം പ്രകാരം അംഗീകരിക്കാത്ത തുക നം. 145637 കിഴിച്ച് ബാക്കി 512363 രൂപായുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

(i)നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,ഹോമിയോ

അടങ്കൽ -200000

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി തൻവർഷം ഹോംകോയിലേക്ക് 2,00,000/- രൂപ നൽകിയിട്ടുണ്ട്.(ബിൽനം.1/17.1.2017-ഹോംകോ). എന്നാൽ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവുതുകയായ 2,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ii)നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയുർവേദം
അടങ്കൽ -300000

ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി തൻവർഷം ഔഷധിയിലേക്ക് 3,00,000/- രൂപ നൽകിയിട്ടുണ്ട്.(ബിൽനം.1/17.12.2016)-ഔഷധി). എന്നാൽ 281697/- രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ.ആയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6) മറുപടി ഹാജരാക്കിയില്ല.ആയതിനാൽ ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകളുടെ വിലയായ 18303/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

.

## 3-3 വാഴക്കും ഇടവിളകൃഷിക്കും പ്രോത്സാഹനം-സബ്സിഡി രണ്ടു പ്രാവശ്യം നൽകി

നിർവ്വഹണോദ്യോഗസ്ഥൻ -കൃഷി ഓഫീസർ

അടങ്കൽ - 1,00,000(വികസന ഫണ്ട്),60,000(മറ്റുള്ളവ)

ചെലവ് വിവരം - ബിൽനം.6/16-17/18.3.2017-77631 /- ; ബിൽനം.14/16-17/28.3.2017-7 22369

മേൽ പ്രോജക്ടിന്റെ ഗുണഭോക്താക്കളായ ശ്രീ .സി.വി. ജോസഫ്, ചിറമോളേൽ, ശ്രീ. എൻ.കെ രാമകൃഷ്ണൻ എന്നിവർക്ക് യഥാക്രമം 1650/-, 825/- രൂപ വീതം സബ്സിഡിതുക രണ്ടു പ്രാവശ്യം നൽകിയതായി കണ്ടു. ആകെ 4950/-രൂപ ഈ ഗുണഭോക്താക്കളുടെ അപേക്ഷ, കരമടച്ച രസീത് മുതലായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) മറുപടി ഹാജരാക്കിയില്ല. ആയതിനാൽ അധികമായി നൽകിയ 2475/- രൂപ പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.കൂടാതെ 2975/- രൂപ രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

## 3-4 കാലി ബാരലിന്റെ വില കുറവുചെയ്തിട്ടില്ല.നഷ്ടം 7080 രൂപ

താഴെ പറഞ്ഞിരിക്കുന്ന പ്രോജക്ടുകളിൽപ്പെടുത്തി നടത്തിയ ടാറിംഗ് പ്രവൃത്തികൾക്ക് ഡേറ്റാ നിശ്ചയിച്ച് നൽകിയിരിക്കുന്നത് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് അനുവദിച്ചാണ്. എന്നാൽ പ്രവൃത്തികളുടെ ബിൽ പാസാക്കി തുക നല്കിയപ്പോൾ കാലി ബാരലിന്റെ വില കുറവുചെയ്തിട്ടില്ല. അതിനാൽ നല്കേണ്ടതിൽ കൂടുതൽ തുക കൺവീനർക്ക് നല്കാനിടയായിട്ടുണ്ട്. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8, തി.19/7/17) അസി. എഞ്ചിനീയർ നല്കിയ മറുപടി, ബില്ലിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ടെന്നും ആയത് കൺവീനറിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ്. അധികം നല്കിയ 7080/- രൂപയും, നികതി ഇനത്തിലുള്ള 420/- രൂപയും കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

.

| പ്രോജക്ട് നമ്പരും പേരും | കൺവീനറുടെ പേര് | അളവു പുസ്തകം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക, നികുതി | | ചെലവു തുക, ബിൽ നമ്പരും തിയതിയും |
|---|---|---|---|---|---|---|---|
| | | | | | തുക | നികുതി | |
| എസ് - 101/17, കിടാച്ചിറ കാരിക്കോട്ടിതാഴം റോഡ്റീ ടാറിംഗ് | ശ്രീ.പി.ജെ. വർഗ്ഗീസ് | 3/16-17 | 2808 | 18 | 4248 | 252 | 256321 രൂപ, 12/16-17, 23/3/17 |
| എസ് - 102/17, ആരമ്പിള്ളിതാഴം ഇടയ്ക്കാട്ടിതാഴം റോഡ്റീ ടാറിംഗ് | ശ്രീ.സി.വി, വിജയൻ | 7/16-17 | 2236 | 14 | 2832 | 168 | 256321 രൂപ, 24/16-17, 30/3/17 |
| ആകെ അധികം | | | | | 7080 | 420 | |

## 3-5 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി - മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നം. | S0198/17 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്, ഗവ. എൽ. പി. സ്കൂൾ. പാങ്കോട്. |
| അടങ്കൽ | 1400000/- |
| ചെലവ് | 700000/- |
| ബിൽ നം./തീയതി | 01/2017, 28/03/17<br>02/2017, 29/03/17 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് പരമാവധി 100000/- രൂപ വീതം ധനസഹായം നൽകുന്നതിനാണ് മേൽ പ്രോജക്ട് നിഷ്കർഷിച്ചിട്ടുള്ളത് . 2016-17 സാമ്പത്തീക വർഷത്തിൽ ഹെഡ് മിസ്ട്രസ് (ഗവ. എൽ. പി. സ്കൂൾ. പാങ്കോട്) നടപ്പാക്കിയ ഈ പ്രൊജക്ടിൽ ഏഴ് ഗുണഭോക്താകൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുമ്പോൾ, നിലവിലുള്ള വീടിന്റെ വിസ്തൃതി 800 ച. അടിയിൽ അധികമായിരിക്കരുത്. (15/02/16 ലെ 626/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്) എന്നാൽ, പഞ്ചായത്തിലെ നികുതി നിർണ്ണയ രെജിസ്റ്റർ പ്രകാരം നിർദിഷ്ട പഠനമുറി നിർമ്മിക്കുന്നതിന് മുമ്പ് തന്നെ പി എ സുനിൽ, പുന്നേത്ത്ക്കുടിയിൽ,പഴന്തോട്ടം, (മകൻ-ഹിഥിന്വവ്) എന്ന ഗുണഭോക്താവിന്റെ നിലവിലുള്ള വീടിൻറെ വിസ്തൃതി 1020.04 ച. അടി ആയിരുന്നു

ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് 20/07/17ന് ഓഡിറ്റ് എൻക്വയറി (നമ്പർ 4) നൽകിയിരുന്നെങ്കിലും,മറുപടി തൃപ്തികരമായിരുന്നില്ല, ആയതിനാൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പഠനമുറി എന്ന പ്രൊജക്ടിൽ മേൽ ഗുണഭോക്താവിനു വേണ്ടി നടത്തിയ 100000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-6 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

2016-17 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വിവിധ പ്രോജക്ടുകളിലെ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിശദാംശം ഫയലിൽ സൂക്ഷിക്കുന്നില്ല . തുക ട്രഷറിയിൽ നിന്നോ ബാങ്കിൽ നിന്നോ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതാണെങ്കിൽ പ്രസ്തുത സ്ഥാപനാധികാരികളുടെ ഒപ്പും സീലും പതിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് അല്ലെങ്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് പാസ്സ് ബുക്കിൽ ഈ തുക വരവു വച്ചതിന്റെ വിശദാംശമോ സൂക്ഷിക്കുന്നില്ല.

2)സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

3) PMAY കോൺട്രിബ്യൂഷൻ ആയി തുക നല്കിയതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള രസീത് / ധനവിനിയോഗസാക്ഷ്യപത്രം ഇവ ഹാജരാക്കിയില്ല.

## 3-7 സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകളിലെ അപാകതകൾ

2016-17 വർഷം സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)തെരുവ് വിളക്ക് സ്ഥാപിക്കൽ , പ്രോജക്റ്റ് നം 185/16-17 തുക: 286400/- ചെക്ക് നം 338144/30.3.17. 200 CFL ലാംപുകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റ്. എന്നാൽ CFL ലാംപുകൾ സ്ഥാപിച്ചതിന്റെയോ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്നോ ഉള്ള വിശദാംശം ഹാജരാക്കിയില്ല. കൂടാതെ തൻവർഷം തെരുവു വിളക്ക് പരിപാലനത്തിന് AMC യ്ക്ക് നല്കിയിട്ടുള്ളതാണ്. അതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

2)പ്രോജക്റ്റ് നം 59/16-17 തുക: 21347/- ചെക്ക് നം 338129/8.3.17: ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് KSEB യിൽ നല്കിയ തുകയാണ്. ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല . തുക 21347/- തടസ്സപ്പെടുത്തുന്നു.

3)സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കംപ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കായുള്ള സ്റ്റോക്ക് രജിസ്റ്ററിൽ Specification , വിതരണവിവരം ഉടങ്ങിയവ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 3-8 പ്രവൃത്തി പൂർത്തീകരണം - കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പരും പേരും | എസ് - 205/17, തൊണ്ടിപീഡിക ഐക്കനാച്ചിറ റോഡ് മെറ്റലിംഗ് ടാറിംഗ് |
| കരാർ നമ്പരും തിയതിയും | 41/AE/LSGD/AKD14-15 dtd.4/3/2015 |
| അളവു പുസ്തകം | 41/14-15 |
| കൺവീനറുടെ പേര് | ഏലിയാസ് കെ പോൾ |
| പ്രവൃത്തി ആരംഭിച്ച തിയതി | 4/3/2015 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | 31/3/2016 |
| പ്രവൃത്തി പൂർത്തീകരിച്ച തിയതി | 14/12/2016 |
| ആകെ പ്രവൃത്തിമൂല്യം | 204729 രൂപ |
| കരാറുകാരന് നല്കിയ തുക, ചെക്ക് നമ്പരും തിയതിയും | 187029 രൂപ, ഫയലിൽ ലഭ്യമല്ല. |

മുകളിൽ പറഞ്ഞിരിക്കുന്ന റോഡ് പണി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതിയേക്കാൾ എട്ടുമാസത്തോളം കഴിഞ്ഞാണ് പൂർത്തീകരിച്ചിരിക്കുന്നത്. കൺവീനർ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുണ്ടെങ്കിലും നിയമപ്രകാരമുള്ള പിഴ ഒടുക്കിയിട്ടില്ലാത്തതായി കാണുന്നു. പ്രത്യേക കാരണങ്ങളൊന്നും രേഖപ്പെടുത്താതെയാണ് അസി. എഞ്ചിനീയർ പൂർത്തീകരണ തീയതി ദീർഘിപ്പിച്ച് നല്കിയിരിക്കുന്നത്. നിർദ്ദിഷ്ട കാലാവധിക്കുശേഷമുള്ള കാലയളവിന് (1-4-2016 മുതൽ 14-12-2016 വരെ, 36.8 താഴ്ച) 2012 ലെ PWD മാനുവൽ സെക്ഷൻ 2116.1 പ്രകാരം PAC (3,00,000) രൂപയുടെ 3.68% തുകയായ 11040/- രൂപ കോമ്പൻസേഷൻ ഈടാക്കിയതിനുശേഷം മാത്രമേ ബിൽ തുക നല്കേണ്ടിയിരുന്നുള്ളൂ. എന്നാൽ കോമ്പൻസേഷൻ ഇനത്തിൽ തുക ഈടാക്കാത്തതിനാൽ 11040/- രൂപയുടെ അധിക ചെലവുണ്ടായി. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11, തി.20/7/17) അസി. എഞ്ചിനീയർ നല്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് പ്രസ്തുത റോഡിന്റെ മെറ്റലിംഗ് കഴിഞ്ഞതിനുശേഷം തുടരെ മഴപെയ്തുകൊണ്ടിരുന്നതിനാൽ ടാറിംഗ് നടത്തുവാൻ പറ്റാത്ത അവസ്ഥയിലായിരുന്നെന്നും, ആയതിനാൽ മഴക്കാലം കഴിഞ്ഞതിനുശേഷമാണ് ടാറിംഗ് പൂർത്തിയാക്കിയതെന്നുമാണ്. എന്നാൽ 4/3/2015 ൽ തുടങ്ങിയ പ്രവൃത്തി പൂർത്തിയാക്കുവാൻ 14/12/2016 വരെ നീണ്ടതിന് മേൽപ്പറഞ്ഞ വിശദീകരണം അപര്യാപ്തമാണ്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. കോമ്പൻസേഷനിൽ ഈടാക്കേണ്ടിയിരുന്ന തുക രൂ. 11040/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. പ്രവൃത്തി

പൂർത്തീകരിക്കുവാൻ വൈകുന്ന സാഹചര്യങ്ങളിൽ നിയമാനുസൃത ഫൈൻ ഈടാക്കുന്നുണ്ടെന്നുള്ളത് അസി. എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 374000 | ശാരീരിക മാനസിക വെല്ലുവിളികളുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നം.എസ് 005/16 | 374000 | 0 |
| ജില്ലാ പഞ്ചായത്ത് | 62,500 | | 62500 | 0 |

.

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് S0059/16 | 338129/ 8.3.17 | 21347 | | ഇല്ല | 21347 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കുള്ള മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 62500/-രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു. എന്നാൽ അഡ്ജസ്റ്റ് ചെയ്യാത്ത മൊബിലൈസേഷൻ അഡ്വാൻസ് തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടേണ്ടതാണ്.

.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1. | അനിൽ കുമാർ | പാങ്കോട് റോഡ് സംരക്ഷണഭിത്തി | 1232149/31.10.16 | 62500 | ചെയ്തിട്ടില്ല | 62500 |

## 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 12704187 |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | 12704187 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12704187 |

(2016-17)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് - സ്ഥിര നിക്ഷേപം | 204187 | 951143 / 17.8.2014 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് - സ്ഥിര നിക്ഷേപം | 5000000 | 7385/1 – 21.12.2015/30.3.2017 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് - സ്ഥിര നിക്ഷേപം | 7500000 | 7385/2 – 22.3.2016/30.3.2017 |

സ്ഥിര നിക്ഷേപത്തിന്മേൽ 11,98, 272/- രൂപ പലിശ ലഭിച്ചിട്ടുണ്ട്. സ്ഥിരനിക്ഷേപത്തിന്മേലുള്ള പലിശ വരവു തൻവർഷം പിൻവലിച്ചു വരവു കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10735 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-4 | 1000 | Dens Petrolium | 1160110972/4.3.17 |
| 2014-15 | 3-1 | 1962 | TP Sheela H C | 11601103745/4.8.17 |
| 2011-12 | 3-1 | 7773 | K P Soman A E | 1160110847/28.4.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48614399 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36396191 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 6700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 166652 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1140888 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 3700 | | ടി വി വാസുദേവ ശർമ്മ, സെക്രട്ടറി |
| | 3000 | | പി.എം. അബ്ദുൾ സമദ്, സെക്രട്ടറി |
| 3-1 | | 145637 | പി.എം. അബ്ദുൾ സമദ്, സെക്രട്ടറി |
| 3-3 | | 2475 | ജയ മരിയ ജോസഫ്, കൃഷി ഓഫീസർ |
| 3-4 | | 7080 | ടി.എം.ദിനേശ്,അസി.എഞ്ചിനീയർ |
| 3-8 | | 11040 | ടി.എം.ദിനേശ്,അസി.എഞ്ചിനീയർ |
| | 6700 | 166232 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 512363 | ശ്രീ. പി.എം. അബ്ദുൾ സമദ്, സെക്രട്ടറി |
| 3-2(a) | 200000 | ഡോ.സൂസൻ മത്തായി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-2(b) | 18303 | ഡോ. ജിബി വർഗീസ്, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-3 | 2475 | ജയ മരിയ ജോസഫ്, കൃഷി ഓഫീസർ |
| 3-5 | 1,00000 | എൻ.എം.കുസുമം, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പാങ്കോട് |
| 3-7 (1) | 286400 | പി.എം.അബ്ദുൾ സമദ്, സെക്രട്ടറി |
| 3-7 (2) | 21347 | പി.എം.അബ്ദുൾ സമദ്, സെക്രട്ടറി |
| | 1140888 | |

(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 420 (മൂല്യ വർദ്ധിത നികുതി) | ടി.എം.ദിനേശ്,അസി.എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.വി.വാസുദേവ ശർമ്മ, സെക്രട്ടറി | സെക്രട്ടറി, ഐക്കരനാട് ഗ്രാമ പഞ്ചായത്ത് | തമ്മഴത്ത് മഠം, പാവക്കുളങ്ങര, തൃപ്പൂണിത്തുറ. പി.ഒ. |
| ടി.എം.ദിനേശ് അസി. എഞ്ചിനീയർ | ടി.എം.ദിനേശ്, അസി. എഞ്ചിനീയർ, ഐക്കരനാട് | ഉമ്പയിൽ, അട്ടൂപ്പറമ്പ്, മൂവാറ്റുപുഴ, പിൻ-686661. |
| പി. എം. അബ്ദുൾ സമദ് സെക്രട്ടറി | -- | പഴയേരിൽ വീട്, ഇടവെട്ടി പി.ഒ, തൊട്ടുപുഴ ഇടുക്കി ജില്ല |
| ജയ മരിയ ജോസഫ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ , ഐക്കരനാട് | |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.ഇ.(പി1) 1105/2001 തിയതി 13.11.2002 | 18 |
| 2000-01 | എൽ.എഫ്.ഇ.(പി1)37/02 തിയതി.03.04.2003 | 18 |
| 2001-02 | എൽ.എഫ്.ഇ.(പി1)359/05 തിയതി.13/12/2005 | 3 |
| 2002-03 | എൽ.എഫ്.ഇ.(പി1) 38/05 തിയതി.03/04/2006 | 6 |
| 2003-04 | എൽ.എഫ്.ഇ.(പി1) 731/08 തിയതി.02/06/08 | 3 |
| 2004-05 | എൽ.എഫ്.ഇ.(പി1) 1051/10 തിയതി.01/02/2011 | 3 |
| 2005-06 | എൽ.എഫ്.ഇ.(പി1) 1268/09 തിയതി.07/06/2011 | 7 |
| 2006-07 | എൽ.എഫ്.ഇ.(പി1) 1269/09 തിയതി.13/02/2012 | 4 |
| 2007-08 | എൽ.എഫ്.ഇ.(പി1) 1391/12 തിയതി.24/08/2012 | 4 |
| 2008-09 | എൽ.എഫ്.ഇ.(പി1) 1391/12 തിയതി.24/08/2012 | 1 |
| 2009-10 | എൽ.എഫ്.ഇ.(പി1) 220/14 തിയതി.05/05/2014 | 12 |
| 2010-11 | എൽ.എഫ്.ഇ.(പി1) 1391/12 തിയതി.10/09/2012 | 3 |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.ഇ.(പി1)765/16<br>തിയതി.24/09/2016 | 3 |
| 2012-13<br>2013-14 | കെ.എസ്.എ.ഇ.കെ.എം(പി1) 1460/2016<br>തിയതി.24/09/2016 | 3 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി1) 1196/2016<br>തിയതി.16/07/2016 | 7 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി1) 1921/2016<br>തിയതി.30/11/2016 | 9 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി1)1501/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി :18.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-8 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

# APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSA-EKM(P1)1501/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date :18.09.2017

Certified that I have audited the Annual Financial Statement of Aikkaranadu Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Aikkaranadu Grama Panchayat for the year 2016-17 except the observations in para 2.8 of my audit report properly presents the picture of income and expenditure.

.

Deputy Director